"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- നീലേശ്വരം നഗരസഭയിലെ ഹെഡ് ക്ലർക്ക്/റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി.ലേഖ.പി.യ്ക്ക് ശൂന്യവേതനാവധി അനുവദിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

**സ.ഉ.(സാധാ) നം.511/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 20/02/2021

---

പരാമർശം:- 1 നഗരകാര്യഡയറക്ടറുടെ 04.11.2018 തീയതിയിലെ ഇ6- 5453/18 നമ്പർ കത്ത്.

**ഉത്തരവ്**

നീലേശ്വരം നഗരസഭയിലെ ഹെഡ് ക്ലർക്ക് / റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി.ലേഖ.പി., ടിയാളുടെ പ്രസവാവധിയുടെ തുടർച്ചയായി 01.04.2017 മുതൽ 23.10.2017 വരെ (206 ദിവസം) മെഡിക്കൽ സർട്ടിഫിക്കറ്റിൽ ശൂന്യവേതനാവധി അനുവദിക്കുന്നതിലേയ്ക്കായി സമർപ്പിച്ച അപേക്ഷ, മെഡിക്കൽ സർട്ടിഫിക്കറ്റ്, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നിവ സഹിതം പരാമർശ കത്ത് പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്ത് ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നീലേശ്വരം നഗരസഭയിലെ ഹെഡ് ക്ലർക്ക്/റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി ലേഖ പി-യ്ക്ക്, പ്രസവാവധിയുടെ തുടർച്ചയായി 01.04.2017 മുതൽ 23.10.2017 വരെയുള്ള ശൂന്യവേതനാവധിയിൽ , 01.04.2017 മുതൽ 30.05.2017 വരെയുള്ള (60 ദിവസം) കാലയളവ് ആർജ്ജിതാവധിക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ കെ.എസ്.ആർ. ഭാഗം 1 ചട്ടം 102-ന് ചുവടെയുള്ള പ്രൊവിസോയുടെ ആനുകൂല്യത്തോടെയും, രണ്ടാം വൈദ്യപരിശോധനാറിപ്പോർട്ടിന്റെ അഭാവത്തിൽ ലഭ്യമാക്കിയിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ വിശ്വാസ്യത ഉറപ്പുവരുത്താനാകാത്തതിനാൽ 31.05.2017മുതൽ 23.10.2017 വരെയുള്ള കാലയളവ് ഇൻക്രിമെന്റ് , ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നിവയ്ക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ അല്ലാതെയും , കെ.എസ്.ആർ. ഭാഗം 1 ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ശ്രീമതി ലേഖ പി, ഹെഡ് ക്ലർക്ക്/റവന്യൂ ഇൻസ്പെക്ടർ, നീലേശ്വരം നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)

സെക്രട്ടറി, നീലേശ്വരം നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)

എക്സി.ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ